Council members and the Government officials. We are not particular about the allowance.

**Mr. President**: Like the Madras Government we will give a State Car for the use of the Minister and he will maintain it out of his allowance of Rs. 100.

*Clause 4 put and carried.*
*Clause 5 put and carried.*
*Clause 1 put and carried.*
*Title and Preamble put and carried.*

**Mr. K. P. Kannan Nayar**: I request that the bill be finally passed as amended on Monday.

*Motion put and carried.*

## THE COCHIN INCOME-TAX ACT AMENDMENT BILL.

**Mr. Thomas Manjuran**: Sir, I beg to move that the Cochin Income-tax Act Amendment Bill be read in Council.

**Mr. K. P. Kannan Nayar**: I second it.

*Motion put and carried.*

**Secretary to the Council**: The title of the bill is Cochin Income-tax Act Amendment Bill.

**Mr. Thomas Manjuran**: I beg to move that S. O. 32 may kindly be suspended and the bill may be allowed to be taken into consideration forthwith.

**Mr. President**: S. O. 32 is suspended.

**Mr. Thomas Manjuran**: Sir, In moving that the bill be taken into consideration I think I should make a short statement. Although the bill itself is somewhat long, covering as it does a few printed pages, I may at once state that the main object intended to be achieved by this bill is the introduction of a super-tax in the State. Super-tax has been existing in all neighbouring States for a considerable time past now and this Government has come forward to introduce super-tax in this State only now. Even now the Government is proposing to introduce this tax only in a somewhat restricted manner and it is unfortunately with regard to that restriction that I heard some adverse comments raised by some of the hon'ble members of this House. The only amendment that have been tabled also bear upon that fact. I shall explain presently why these restrictions were introduced. In the mean time I will explain what exactly is the super-tax idea.

In practically all countries they have imposed income-tax, this idea of imposing what is known as super-tax has been

LIBRARY ARCHIVES Kerala Legislative Assembly

existing for several years past. Super-tax means a tax that is imposed over and above the income-tax for certain amounts of income extending beyond certain fixed limits. For instance as now proposed in this bill in the case of companies a super-tax of one anna has been for several years past been introduced in British India over incomes extending beyond Rs. 50,000. So also with regard to individual incomes in British India, comprising unregistered firms, etc., a super-tax of one anna has been imposed over incomes above Rs. 30,000. With regard to the companies an identical position has been fixed with regard to super-tax here, i. e., Rs. 50,000. Supposing a company earns Rs. 60,000, that company will be liable to pay a super-tax for Rs. 10,000. In the case of individuals, unregistered firms, and like associations, a departure, however, has been proposed to be made in this bill and it is in this case that the two amendments have been tabled and some adverse criticism was raised. Instead of fixing the limit at Rs. 30,000 as in the case of British India and Mysore as the starting point for the imposition of super-tax, Government have chosen, deliberately chosen, a figure of Rs. 75,000 as the starting point. It may be asked why was such a difference made? My first answer to that is that in a matter of taxation Government have to consider several things, particularly how the incidence of the imposition of such a taxation would react upon business and the general interests of the State itself. The main idea that actuated the Government in fixing the rather high amount of Rs. 75,000 with regard to individual incomes is that they thought that as little should be the burden of this tax on individuals and particularly the citizens in this State.

In this connection I may say for the information of this House that the results of this law, if introduced, would be, as correctly observed by the Income-tax Commissioner in his report, to produce for the Government an additional revenue of a lakh of rupees, Rs. 95,000 out of which will be by companies, the remaining Rs. 5,000 only being paid by individuals, unregistered firms, etc. Even out of this Rs. 5,000 only two or three individuals will have to pay any super-tax at all. Surely those two or three individuals can afford to pay.

Then there is another interesting thing about this imposition of super-tax, and that is that nobody in the State will lose a pie by the imposition of this tax. Hon'ble members will think that that must be a very interesting tax indeed. I will explain how that happens. It so happens that the six or seven companies who will have to pay Rs. 95,000 of this tax here are

LIBRARY ARCHIVES Kerala Legislative Assembly

paying income-tax on these amounts in British India or elsewhere, so that when we tax them they will get a refund of an amount identical to the amount that is taxed here. That explains how the trick is done. Hon'ble members will realise that not even these companies will suffer. With regard to individuals also I believe all but one are in the same position. And even with regard to that one the incidence is so slight that he won't grudge it. That is the reason why the Government have fixed the amount at this pretty high figure. Suppose we take this figure down to Rs. 30,000 as in British India. That means that very many persons who may never get a refund from elsewhere will be affected.

**Mr. T. A. Ramachandra Ayyar:** Why not increase the rate of taxation ?

**Mr. Thomas Manjuran:** In British India the super-tax is being imposed only at the rate of one anna. Surely the hon'ble member for Nellayi would not expect the Government to scare away all the merchants from this State.

**Dr. A. R. Menon:** They will never go (*Laughter*).

**Mr. Thomas Manjuran:** I hope hon'ble members will sympathise with the motive of the Government in this matter. Practically nobody concerned is really affected by this Law as it is proposed now.

**Mr. N. Govinda Pai:** What is the guarantee that you will not reduce the amount ?

**Mr. Thomas Manjuran:** The hon'ble member may rest assured that the Government will continue to be as solicitous as they have all along been of the welfare and interests of all the subjects of the State. I am sure hon'ble members when they understand this position will sympathise with the very good intentions of the Government. They do not want to introduce additional taxation. In this case they thought that they could very well do it because it is being imposed without really any corresponding heart-burning to the interests affected by it. I would hence request the hon'ble member for Kunnamkulam to sympathise with the position of the Government and withdraw his two amendments the acceptance of which would no doubt produce some additional source of revenue to the Government, but would certainly cause some heart-burning to several individuals. Now it is for the House to decide whether the Government's position is the correct one or whether the hon'ble member for Kunnamkulam is right.

**Mr. Ismail Hajee Essa Sait:** May I know, Sir, whether the Government have made any arrangements for the

LIBRARY ARCHIVES Kerala Legislative Assembly

refund of income-tax between this Government and the Government of Travancore?

**Mr. President**: That matter is under negotiation between the two Governments. We have already got a reciprocal arrangement with the Government of India.

**Mr. Thomas Manjuran**: All the other amendments contained in the bill are either ancillary to the idea of super-tax or corrections of some slips that exist in the Act.

*Clauses 2 to 17 put and carried.*

**Mr. C. V. Iyyu:** പ്രസിഡെണ്ട് സർ, എനിക്കു പറയാനുള്ള സമാധാനം ബഹുമാനപ്പെട്ട നിയമ മെമ്പർ പറഞ്ഞു കഴിഞ്ഞു. ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതിന്റെ ഉദ്ദേശം നമ്മുടെ രാജ്യത്തുള്ള മുതലാളിമാരിൽ നിന്ന് പണം പിരിച്ചു ഗവൺമെൻറിനു പണമുണ്ടാക്കണമെന്നു ദിവാൻ പ്രസിഡെണ്ട് അവർകളുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ആ വാചകത്തിന്റെ തത്വം ഉദ്ദേശിച്ചുകൊണ്ടാണ്. ആ വാചകം ഇവിടെ വായിക്കാം. The tendency of all modern Governments is to levy the maximum amount of tax on the richer classes who can afford to bear the burden and I have no doubt that this Council would welcome the step that we have taken in this direction. എന്റെ ജോലി ഈ വാചകംകൊണ്ടു വളരെ കുറഞ്ഞിരിക്കുന്നു. അതുകൊണ്ടു ദിവാൻപ്രസിഡെണ്ട് അവർകളോടുകൂടി ഈ നിയമസഭയിലെ എല്ലാ അനുദ്യോഗസ്ഥാംഗങ്ങളും കൂടി എന്റെ ഭേദഗതിയെ പാസ്സാക്കി തരണമെന്നാണ് എന്റെ അപേക്ഷ. ബ്രിട്ടീഷിൻഡ്യയിലും മൈസൂരിലും കൊല്ലത്തിൽ മുപ്പതിനായിരം രൂപായിൽ കൂടുതൽ വരവുള്ളവർക്കു ആദായനികുതിയിന്മേൽ സൂപ്പർടാക്സു ചുമത്തിട്ടുള്ളതു ബഹുമാനപ്പെട്ട നിയമമെമ്പർതന്നെ പറഞ്ഞു നിങ്ങൾ കേട്ടുവല്ലോ. എന്നാൽ ഇവിടെ മുതലാളിമാരെ കഷ്ടപ്പെടുത്താൻ ഉദ്ദേശിച്ചിട്ടില്ല. മുപ്പത്തയ്യായിരത്തിൽ കൂടുതൽ വരുമാനമുള്ളവർക്കു മാത്രം സൂപ്പർടാക്സ് ചുമത്തിയാൽ മതിയെന്നാണ് എന്റെ ഭേദഗതി. അതുകൊണ്ടു ബ്രിട്ടീഷിൻഡ്യയിലും മൈസൂരിലും മുപ്പതിനായിരത്തിൽ കൂടുതൽ ആദായം കിട്ടുന്നവർക്കു സൂപ്പർടാക്സു കൊടുക്കണമെങ്കിൽ അതിനേക്കാൾ ദാരിദ്ര്യമുള്ള കൊച്ചി രാജ്യത്തു മുപ്പത്തയ്യായിരം രൂപായിൽ കൂടുതൽ ആദായമുള്ളവർക്കു നികുതി കൊടുക്കേണ്ടിവരുന്നതുകൊണ്ടു നഷ്ടമില്ലെന്നാണ് എനിക്കു തോന്നുന്നതു്. നമ്മുടെ രാജ്യത്തുള്ള കൃഷിക്കാർ കൃഷിസാമാനങ്ങളുടെ വിലയിടിവുനിമിത്തം നികുതി കൊടുക്കാൻപോലും ബുദ്ധിമുട്ടുന്ന ഇക്കാലത്തു്, ദേവസ്വം കുടിയാന്മാരിൽനിന്നു വരുമാനം കൂട്ടി പിരിക്കാനായി സെറ്റിൽമെൻറു നടത്തി പണമുണ്ടാക്കുന്നതിനു ഗവൺമെൻറു് ശ്രമിക്കുകയും മറ്റൊരു വശത്തുകൂടി ഗവൺമെണ്ടിന്റെ നിയമസഭാമെമ്പർ മുതലാളികളെ സഹായിക്കണമെന്ന തത്വം പ്രസംഗിക്കുകയും ചെയ്യുന്നതു് കഷ്ടമാണ്. അതുകൊണ്ടു് ഭൂനികുതിയിൽ വല്ല കുറവും ചെയ്യുന്നതിനും, ഇതിൽ നിന്നു കിട്ടുന്ന ആദായം ഉപയോഗിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു. അതിനു വേണ്ടിയെങ്കിലും എന്റെ ഭേദഗതിയെ നിയമസഭയിലെ അനുദ്യോഗസ്ഥമെമ്പർമാരും ഗവൺമെൻറും അംഗീകരിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

**Mr. President:** I think your amendment does not affect Companies at all.

**Mr. C. V. Iyyu:** No, Sir.

LIBRARY ARCHIVES Kerala Legislative Assembly

**Mr. A. V. Moothedan:** What is the reason for leaving the companies out of it?

**Mr. President:** We have taken income-tax and super-tax in one comprehensive scheme. This amendment comes to this: In the case of companies, the amendment leaves the Government proposals as they are, i. e., to tax them in respect of incomes over Rs. 50,000. And in the case of individuals, joint families, etc. the Government propose to tax them only if their income is over Rs. 75,000. Mr. Iyyu wants to tax them even for incomes over Rs. 35,000.

**Mr. V. N. Damodaran Nambiar:** I support the amendment.

**Mr. K. Ayyappan:** കമ്പനികൾക്കു ബ്രിട്ടീഷിൻഡ്യയിലെ മാതിരി തന്നെയാണോ?

**Mr. Thomas Manjuran:** അതെ.

**Mr. Popatlal Goverdhan Lalan:** സർ, ഈ ഭേദഗതിയെ ഞാൻ എതുക്കുന്നു. ഇൻകംടാക്സിനെപ്പറ്റി ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഞാൻ എതുത്തു സംസാരിക്കും എന്നു് എല്ലാവർക്കും നിശ്ചയമുള്ളതുകൊണ്ടു്, ഏ പ്പോഴാണു് ഞാൻ സംസാരിക്കുന്നതു് എന്നു് നോക്കിയിരിക്കാൻ ഇട വരുത്താതെ ആദ്യത്തെ അവസരം ഞാൻ തന്നെ എടുത്തുകൊള്ളാമെന്നാണു് വിചാരിക്കുന്നതു്. നമ്മുടെ രാജ്യത്തു് ഇപ്പോൾ ഇരിക്കുന്ന കൃഷിവ്യവസായങ്ങളെപ്പറ്റി പറഞ്ഞു കാഷ്മീകോല്പന്നങ്ങൾക്കു തീരെ വിലയില്ല, മുതലാളിമാരെ പിഴിഞ്ഞു അവരെ നന്നാക്കാൻ വേണ്ടിയാണു് ഇവിടെ കൊണ്ടുവന്ന മിസ്റ്റർ ഇയ്യു അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെന്ന പറയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഒരാളെ പിഴിഞ്ഞു ഒരാളെ നന്നാക്കുവാൻ ശ്രമിക്കുന്നതു് കഷ്ടമാണു്, ഇൻകംടാക്സു് കൊച്ചിയിൽ ആദ്യംഏർപ്പെടുത്തിയപ്പോൾ ബഹുമാനപ്പെട്ടഗവ മ്മെൻറു് പ്രസ്താവിച്ചതു് റയിൽവെ, മീററർഗേജു് ബ്രോഡ്ഗേജാക്കാനും, ഹാർബറിൻെറ ആവശ്യത്തിനും, പണം അധികം വരുന്നതുകൊണ്ടും പണമുണ്ടാക്കുവാൻ വെറെ വഴിയില്ലായ്കകൊണ്ടുമാണു് ആദായനികുതി ചുമത്തുന്നതെന്നും, ആ ആദായം കൊണ്ടു് ഈ ചിലവുകളൊക്കെ നടത്താമെന്നും, ഇതുമൂലം ഇവിടത്തെ വ്യാപാരം ഉന്നതമായ നിലയിൽ കൊണ്ടുവരാമെന്നുമാണു്. ഈ സംഗതി സകല പ്രജകളേയും മനസ്സിലാക്കിയാണു് ആദായനികുതി ചുമത്തിയതു്. എന്നാൽ നികുതി ചുമത്തിയതിനു ശേഷം വ്യാപാരം എത്രത്തോളം ഉന്നതിയെ പ്രാപിച്ചിട്ടുണ്ടു് എന്നൊന്നും നോക്കാതെ പിന്നെയും അവരെ പിഴിഞ്ഞെടുക്കണമെന്നാണു് പറയുന്നതു്. ബഹുമാനപ്പെട്ട ഇയ്യുവിൻെറ വാദത്തിലെ ഒരു ഭാഗം തന്നെ ഇവിടെ എടുത്തുപറയാം. മുപ്പത്തയ്യായിരം രൂപാ ആദായം കിട്ടുന്നവരായ കൊച്ചി രാജ്യത്തിൽ കൊച്ചിക്കാരായി എന്നെന്നും നിവസിക്കുന്ന പ്രജകളോടു മേടിക്കുവാനും, പുറത്തു നിന്നും വന്ന ചില കമ്പനിക്കാരോടു് വാങ്ങണ്ടയെന്നു വെക്കുയാണുമാണു്. ഈ മനസ്ഥിതിയുണ്ടായതു തന്നെ വളരെ സങ്കടകരമാണു്. കൊച്ചി രാജ്യത്തിലെ പ്രജകളോടു ദയവില്ലാതെ, കൊച്ചി രാജ്യത്തിൽ ജനിച്ചു വളർന്ന അഭ്യേഹം സംസാരിച്ചല്ലൊ എന്നോർക്കുമ്പോൾ എനിക്കു വളരേ സങ്കടം തോന്നുന്നുണ്ടു്. നമ്മുടെ ബഹുമാനപ്പെട്ട ഗവൺമെൻറു് വ്യാപാരത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വല്ല

LIBRARY ARCHIVES Kerala Legislative Assembly

കായ്ങ്ങളും ചെയ്തിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. അതൊന്നും ചെയ്യാതെ വെറുതെ ആദായനികുതി കൊടുത്തുകൊള്ളണം എന്നു പറയുന്നു. ആദായം പിരിഞ്ഞിട്ടില്ലെങ്കിലും കണക്കുപുസ്തകത്തിൽ കാണുന്നതു കൊണ്ടു് നികുതികൊടുക്കാതെ നിവൃത്തിയില്ല. എന്നാൽ ഈ ആദായം എങ്ങിനെയാണു് ഉണ്ടാകുന്നതു് എന്നും വ്യാപാരത്തിന്റെ സ്ഥിതി ഏതു തരത്തിലാണെന്നും ഉള്ള സംഗതി ബഹുമാനപ്പെട്ട മെമ്പറന്മാക്കും ഗവൺമെണ്ടിനും നിശ്ചയമുണ്ടെന്നു എനിക്കു തോന്നുന്നില്ല. വ്യാപാരം നടത്തി ശരിയായ അനുഭവമുള്ള ആളുകളുണ്ടെങ്കിൽ അവക്കു് അതിന്റെ സ്ഥിതിഗതികൾ നല്ലവണ്ണം ബോദ്ധ്യം വരുന്നതാണു്.

ഒരു കൊല്ലത്തിൽ കിട്ടുന്ന ആദായത്തിന്മേലാണു് നികുതി ചുമത്തുന്നതു് എന്നു പറഞ്ഞു. കച്ചവടം കടമായിട്ടുള്ള ഒരേപ്പാടായതു കൊണ്ടു്, കടമായി കൊടുത്തിരിക്കുന്ന പണത്തിനും കൂടി നികുതി കൊടുക്കേണ്ടി വരും. കടം കൊടുത്ത പണം ചിലപ്പോൾ അവധിപ്രകാരമേ കിട്ടുകയുള്ളൂ. കടം കൊടുത്ത പണം പിരിക്കുന്നതിനു ചിലപ്പോൾ മജിസ്ട്രേറ്റ് കോർട്ടിനേയും അഭിമുഖീകരിക്കേണ്ടി വരുന്നതുകൊണ്ടു് ഈ ആദായം പല തരത്തിലും ഛിന്നഭിന്നമായിപ്പോകുവാനും ഇടയുണ്ടു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പറന്മാർ വ്യവസായകാര്യത്തിൽ കുറച്ചുകൂടി ദൃഷ്ടി വെച്ചു സംസാരിക്കണമെന്നു് എനിക്കപേക്ഷയുണ്ടു്. വ്യാപാരികൾക്കു ശരിയായ ആദായം കിട്ടുകയാണെങ്കിൽ നികുതി കൊടുക്കുന്നതിനു വിരോധമില്ലായിരുന്നു. അവക്കു ആദായം കിട്ടുന്നുണ്ടോ എന്നുള്ളതു് ഇൻകംടാക്സു് കമ്മീഷണരോടു് ചോദിച്ചാൽ മനസ്സിലാകും. ഈ ഭേദഗതിയിൽ ഒരു രഹസ്യമായ കാര്യം ഉള്ളതും കൂടി ആലോചിക്കേണ്ടതാണു്. അതായതു് സ്റ്റോറിലുള്ള മുതലുകളെ പിഴിയുവാൻ മുപ്പത്തയ്യായിരത്തിന്റെ സ്ഥായിൽ വെക്കുവാനും, പുറമെയുള്ളവക്കു് അമ്പതിനായിരത്തിന്റെ സ്ഥായിൽ വെക്കുവാനും തീർച്ചയാക്കിയതിൽ ഞാൻ വളരെ വ്യസനിക്കുന്നു. അദ്ദേഹം ഈ വക സംഗതികളെപ്പറ്റി നല്ലവണ്ണം ചിന്തിച്ചു നോക്കുകയാണെങ്കിൽ ഈ ഭേദഗതി പിൻവലിക്കുമെന്നു എനിക്കു വിശ്വാസമുണ്ടു്. കൃഷിക്കാരെ സഹായിക്കണ്ടാ എന്നു ഞാൻ പറയുന്നില്ല. കൃഷിക്കാരെ സഹായിക്കുന്നതിനാണു് ഇൻകംടാക്സു് ചുമത്തിയിരിക്കുന്നതു് എന്നു പറഞ്ഞുകഴിഞ്ഞാൽ അതിൽ എന്തർത്ഥമാണുള്ളതു്. ഗവൺമെൻറ് ഷൺമുഖം റോഡിനു അടുത്തുള്ള സ്ഥലം വിറ്റതുപോലെ ഹാർബർ റക്ലമേഷനിൽ നിന്നു വില്ക്കുവാൻ തീർച്ചയാക്കിയിരിക്കുന്ന ന ഭ ഠ ഏക്കറിനു് സെൻറിനു് ആയിരം ഉറുപ്പിക വീതം വില്ക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ അതിൽ നിന്നു ധാരാളം ലാഭം കിട്ടുന്നതാണു്. എന്നാൽ ഹാർബർസ്ഥലം വില്ക്കുവാൻ തീർച്ചയാക്കിയിരിക്കുന്നതു് ഏക്കറിനു് ആയിരം ഉറുപ്പിക പ്രകാരമാണു്. ഇതൊന്നും ആരും ആലോചിക്കുന്നുമില്ല. അറിയുന്നുമില്ല. ഇതൊന്നും ചിന്തിക്കാതെ അട്ടയെ പിടിച്ചു പിഴിഞ്ഞു രക്തമെടുക്കുന്നതുപോലെ വ്യാപാരികളെ പിടിച്ചു പിഴിയുന്നതു് സങ്കടകരമാണു്. എല്ലാ രാജ്യത്തിന്റെയും ഉന്നതി ആ രാജ്യത്തിലെ വ്യാപാരത്തിലാണു് സ്ഥിതി ചെയ്യുന്നതു് എന്ന തത്വം എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരും വിസ്മരിക്കുമെന്നു് എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് ഒരു രാജ്യത്തെ വ്യാപാരം എത്രത്തോളം ഉന്നതിയിൽ കൊണ്ടുവരാമോ അത്രത്തോളം അതിനു് എന്തെല്ലാം ആവശ്യമുണ്ടോ അതെല്ലാം ചെയ്യേണ്ടതു് അത്യാവശ്യമാണു്. മറ്റുള്ള രാജ്യത്തേക്കാളും കൂടുതൽ ആദായനികുതി ഇവിടെ ചുമത്തുന്നതായാൽ ഇവിടെയുള്ള വ്യാപാരികൾ അന്യരാജ്യങ്ങളിലേക്കു പോകുവാൻ ഇടവരും. കുറച്ചുകൂടി നല്ല അവസരത്തിലായിരുന്നെങ്കിൽ കച്ചവടക്കാക്കു ബുദ്ധിമുട്ടു കൂടാതെ ടാക്സു് കൊടുക്കുവാൻ സൌകര്യമുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യേനെ. അതുകൊണ്ട് ബഹുമാനപ്പെട്ട അവതാരകൻ വ്യാപാരികളുടെ സ്ഥിതിഗതികളെപ്പറ്റി നല്ലവണ്ണം ചിന്തിച്ചു ഈ ഭേദഗതിയെ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

**Mr. Ismail Haji Essa Sait:**—മിസ്റ്റർ പ്രസിഡണ്ട് സർ, ഇൻകം ടാക്സിനെ സംബന്ധിച്ച് ഗവൺമെണ്ടിൽനിന്നു ഒരു ബിൽ അവതരിപ്പിച്ചിട്ടുള്ളതു് എന്റെ അഭിപ്രായത്തിൽ വളരെ ന്യായമായിട്ടുണ്ടെന്നാണു് തോന്നുന്നതു്. അതായതു് നമ്മുടെ കൊച്ചി ഗവൺമെണ്ടു് മറ്റുള്ള ഗവൺമെണ്ടുകളെ അപേക്ഷിച്ചു് നോക്കുന്നതായാൽ, തിരുവിതാംകൂറിൽ ഇൻകം ടാക്സു് ആരംഭിച്ചതു് ഫ ഫ ൦൦-ൽ ആണു്; കൊച്ചിയിൽ ഇൻകം ടാക്സു് ആരംഭിച്ചതു് ഫ ൧൨-ൽ ആണു". വ കൊല്ലത്തിനുശേഷമാണു് നമ്മുടെ ഗവൺമെണ്ടു് ഇൻകം ടാക്സു് ആരംഭിച്ചിട്ടുള്ളതു്. ബ്രിട്ടീഷിൻഡ്യയെ ആസ്പദമാക്കി വളരെ പിന്നിലാണു് ഇവിടെ ഇൻകം ടാക്സു് ആരംഭിച്ചിട്ടുള്ളതു്. നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് പ്രജകളോടു് വളരെ ദയാലുവാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. എന്നാൽ ഇപ്പോൾ ഫ ൧൨-ൽ ഇൻകം ടാക്സു് ഇമ്പോസു് ചെയ്തതിനുശേഷം ഫ ൧൨ മുതൽ ഫ ഫ ന -വരെയുള്ള ബഡ്ജറു് നോക്കുന്നതായാൽ ഇൻകം ടാക്സിന്റെ തുക കൊല്ലംതോറും അമ്പതിനായിരം മുതൽ ഒരു ലക്ഷം വരെ വർദ്ധിച്ചുതായിട്ടു് കാണാവുന്നതാണു്. എന്നാൽ ഗവൺമെണ്ടു് മറ്റുള്ള ചിലവുകളെല്ലാം താങ്ങുന്നതിനുവേണ്ടിയാണു് ഇൻകം ടാക്സു് ഇമ്പോസു് ചെയ്തതു്. മറ്റുള്ള രാജ്യങ്ങളിലൊക്കെ സൂപ്പർടാക്സു് ഉള്ളതുകൊണ്ടു് മാത്രമാണു് ഇവിടേയും വെച്ചിട്ടുള്ളതു്. അല്ലാതെ ജനങ്ങളെ ദ്രോഹിക്കുന്നതിനല്ല. സൂപ്പർ ടാക്സു് മൈസൂരിലുണ്ടു്, തിരുവിതാംകൂറിലുണ്ടു്, ബ്രിട്ടീഷിൻഡ്യയിലുണ്ടു്. ഇപ്പോൾ കൊച്ചിയിൽ മാത്രമില്ല. അതു് ഒരു പോരായ്മയാണു് എന്നു വിചാരിച്ചുമാത്രമാണു് ഇവിടെ സൂപ്പർ ടാക്സു് ഇമ്പോസു് ചെയ്തിട്ടുള്ളതു്. മൈസൂർ ഗവൺമെണ്ടു് കമ്പനിക്കു് മുപ്പത്തയ്യായിരം വെച്ചിട്ടുള്ള സ്ഥിതിക്കു ഇവിടെ അമ്പതിനായിരം വെച്ചിട്ടുള്ളതു് റീസണബിൾ ആണെന്നാണു് എന്റെ വിശ്വാസം. ഇരുപത്തയ്യായിരം രൂപാ കമ്പനിക്കു കാച്ചിരിക്കുന്നതുകൊണ്ടു് ലാഭം പലപ്രകാരത്തിലും ഡിവൈഡു് ചെയ്യുമ്പോൾ കമ്പനിയിൽനിന്നു അധികം സൂപ്പർ ടാക്സു് ഗവൺമെണ്ടിൻ കലക്ടു് ചെയ്യുവാൻ സാധിക്കുകയില്ല. മിസ്റ്റർ ഇയ്യു കൊണ്ടുവന്നിട്ടുള്ള അമൻഡുമെൻറു് തൊഴിലാളികളായ സാധുക്കളുടെ രക്ഷക്കുവേണ്ടിയാണെന്നാണു് പറയുന്നതു്. സാധുക്കളെ രക്ഷിക്കാൻ വേണ്ടിയാണു് ഇത്ര ഭാരം ചുമത്തുന്നതെങ്കിൽ, വാസ്തവത്തിൽ സാധുക്കൾക്കുതന്നെയാണു് ഈ ഭാരം വന്നുകൂടുന്നതു്". അതു് അദ്ദേഹം ശരിയായി മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. ഇപ്പോൾ മട്ടാഞ്ചേരിയിൽ വാട്ടർ ടാക്സു് വന്നിട്ടുണ്ടു്. അതോടുകൂടി ബിൽഡിംഗു് ഓണേഴ്സ് റെൻറു് കൂട്ടുവാൻ തുടങ്ങി. ഗവൺമെണ്ടു് ഇന്നവിധമാണു് ഞങ്ങളോടു പെരുമാറുന്നതു്; അതുകൊണ്ടു് റെൻറു് കൂട്ടാതിരിക്കുവാൻ നിവൃത്തിയില്ലെന്നാണു് അവർ പറയുന്നതു്. ഇതിന്റെ തത്വം മനസ്സിലാക്കിയാൽ ഇതെല്ലാം വന്നുകൊള്ളുന്നതു് ഒരു സ്ഥലത്താണെന്നു അറിയാം. ഷുഗർ മുതലായതിനു് ഡ്യൂട്ടി ചുമത്തിയാലും ഇവിടെ വരുന്നതു്. എന്നാൽ ആ ഡ്യൂട്ടിയോടുകൂടിയുള്ള വിലചരക്കിനേൽ ചുമത്തിയാണു് സാധനങ്ങൾ വില്ക്കുന്നതു്. വാസ്തവത്തിൽ ഇങ്ങനെയുള്ള നഷ്ടങ്ങൾ വന്നുകൊള്ളുന്നതു് സാധുക്കൾക്കാണു്. ചില കച്ചവടക്കാർക്കു് രണ്ടു് സ്റ്റോറിലും ഇൻകം ടാക്സു് കൊടുക്കേണ്ടിവരും. ചിലർക്കു തിരുവിതാംകൂറിൽ സ്ഥലമുണ്ടാകും. അവരുടെ കച്ചവടം നടക്കുന്നതു് കൊച്ചിയിലായിരിക്കും. സാധനങ്ങൾ ഉണ്ടാക്കുന്നു എന്നു പറഞ്ഞു അവിടെ ടാക്സു് ചുമത്തും. ആ സാധനങ്ങൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വിറ്റ എന്നുപറഞ്ഞു" ഇവിടേയും ടാക്സ് ചുമത്തും. ഇങ്ങനെ രണ്ട് സ്ഥലത്തും ടാക്സ് കൊടുത്തു ചിലർ കഷ്ടപ്പെടേണ്ടിവരുന്നുണ്ട്". ഇപ്പോൾ ക്ഷാമമായ സ്ഥിതിക്കു തല്ക്കാലം ഈ ടാക്സ് കുറെ നാളത്തേക്കു നീട്ടിവെച്ചാൽ കൊള്ളാമെന്നാണ് എന്റെ അഭിപ്രായം.

**Mr. V. K. Kutty:**—മിസ്റ്റർ പ്രസിഡെണ്ട് സർ, ബഹുമാനപ്പെട്ട കുന്ദംകുളം മെമ്പർ അവതരിപ്പിച്ചിട്ടുള്ള ഈ ഭേഗതിയെ ഞാൻ പിന്താങ്ങുന്നു. ക്ഷാമംകൊണ്ടും തൊഴിലില്ലായ്മകൊണ്ടും രാജ്യത്തു് സങ്കടമനുഭവിച്ചു ജീവിക്കുന്നവരായ അനേകം സാധുക്കളുണ്ടെന്നു ഗവമ്മെണ്ടിനും അതേസമയത്തുതന്നെ ഗവമ്മെണ്ടിനെ ഉപദേശിക്കുന്ന വലിയ ആളുകൾക്കും അറിയാം. അങ്ങിനെ വിവിധങ്ങളായ മാർഗ്ഗങ്ങളിൽകൂടി സങ്കടം അനുഭവിക്കുന്നവർക്ക് ഏതെങ്കിലും വിധത്തിലുള്ള തൊഴിലുകൾ ഉണ്ടാക്കിക്കൊടുത്തു് അവരുടെ ദാരിദ്ര്യത്തേയും, പട്ടിണിയേയും പരിഹരിക്കണമെന്നു് മുറവിളികൂട്ടിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. പല വിധത്തിലുള്ള ചിലവുകൾ വഹിച്ചുകൊണ്ടിരിക്കുന്നതിനാൽ ഗവമ്മെണ്ടിനു് അതു കേൾക്കുവാനുള്ള സൗകര്യം ലഭിക്കുന്നില്ല. പിന്നെ ഏതു വിധത്തിലുള്ള മാർഗ്ഗമാണു് നാം നിർദ്ദേശിക്കേണ്ടതു് എന്നാണു് ആലോചിക്കേണ്ടതു്. പുതിയതായി ഏതെങ്കിലും തരത്തിലുള്ള വരുമാനങ്ങൾ ഉണ്ടായാലല്ലാതെ മറ്റൊരു വിധത്തിലും ഇന്നത്തെ സാമ്പത്തിക സ്ഥിതിയനുസരിച്ചു് ഗവമ്മെണ്ടിനു് പുതിയ കാര്യങ്ങളിൽ പ്രവേശിക്കാൻ സാധിക്കയില്ലെന്നുള്ളതു് തീർച്ചയാണു്. ഇങ്ങനെ പുതിയ മാർഗ്ഗങ്ങളിൽകൂടി പണമുണ്ടാക്കുവാനുള്ള വഴി പറയുമ്പോൾ അതിനു പ്രതിബന്ധം വരുത്തുകയാണെങ്കിൽ അതിനെ എതിർക്കാതെ യാതൊരു നിവൃത്തിയുമില്ല. കൊച്ചി ഗവമ്മെണ്ടിന്റെ ഇപ്പോഴത്തെ നയത്തെ തുടർന്നുള്ള പരിതികൾ എത്രനാൾ നാം കൂടി തുടർന്നുപോകയാണെങ്കിൽ ഈ രാജ്യത്തെ കർഷകന്മാരായ അല്പപട്ടിണിക്കാർക്കും തൊഴിലില്ലാത്തവർക്കും ഗുണകരമായ വിധത്തിലുള്ള ഒരു ചുറുപാടു് ഉണ്ടായിത്തീരുമെന്നു എനിക്കു ബോദ്ധ്യമുണ്ട്. കൊച്ചി രാജ്യത്തു് മുമ്പില്ലാതിരുന്ന പല തൊഴിൽശാലകളും രാജ്യത്തിന്റെ പല ഭാഗങ്ങളിലായി ഇന്നു സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടു്. അതുപോലെയുള്ള കമ്പനികൾ ഗവമ്മെണ്ടിന്റെ സഹായത്തോടുകൂടി ഇനിയും രാജ്യത്തിന്റെ പല ഭാഗങ്ങളിലും സ്ഥാപിക്കുന്നതു് വേലയില്ലാതെ കഷ്ടപ്പെടുന്ന ജനസാമാന്യത്തിനും തൊഴിലില്ലായ്മയെ പരിഹരിക്കാൻ ഏതാനും ആശ്വാസമാണു്. ഈ വർഷത്തെ ബഡ്ജറ്റിൽ ചില കട്ട് മോഷൻസ് ഞാൻ അയച്ചിട്ടുണ്ടു്. അതു് ഇവിടെ ആലോചനക്കു വരുമ്പോൾ ഞാൻ അതിനെപ്പറ്റി വിവരിക്കുന്നതാണു്. ഗവമ്മെണ്ടിന്റെ വരവു് വർദ്ധിപ്പിക്കാൻ ആക്ഷേപയാതൊരു ദോഷവുമില്ലാത്ത, ഇത്തരം പുതിയ നികുതികൾ ഏർപ്പെടുത്താതെ തരമില്ലെന്നു നമ്മുടെ ഗവമ്മെണ്ടിന്റെ ബഡ്ജറ്റു് വിശദമായി പ്രഖ്യാപനം ചെയ്യുന്നുണ്ടു്. രാജ്യത്തെ തൊഴിലില്ലായ്മക്കു പരിഹാരം വേണമെങ്കിൽ വ്യവസായങ്ങളെ പോഷിപ്പിക്കണം, കുടിശ്ശികയ്ക്കുകൾ വർദ്ധിപ്പിക്കണം, പട്ടണങ്ങൾ പരിഷ്കരിക്കണം എന്നെല്ലാം ഓരോമുരലുകൾ ഗവമ്മെണ്ടിന്റെ തലയിൽ കെട്ടിവെയ്ക്കുന്ന നാം, നിരാക്ഷേപമായ ഈ നികുതിയെ എതിർക്കുന്നതു് തീരെ അന്യായമാണെന്നേ എനിക്കു പറയുവാൻ തരമുള്ളൂ. ഈ ഭേഗതി ഇവിടെ പാസ്സാക്കുകയാണെങ്കിൽ ഗണ്യമായ ഒരു തുക നീക്കിവെച്ചു് രാജ്യത്തു തൊഴിലുകൾ ഉണ്ടാക്കുവാൻ കഴിയുമെന്നാണു് എന്റെ അഭിപ്രായം. തൊഴിലില്ലാത്തവരെ സംരക്ഷിക്കുന്നതിനും നാട്ടിൽ വേണ്ടിടത്തോളം വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഇങ്ങിനെയുള്ള വരുമാനങ്ങൾ വർദ്ധിപ്പിക്കേണ്ടതിനു് ഗവമ്മെണ്ടു് വേണ്ടതു് ചെയ്യണമെന്നാണു് എന്റെ അഭിപ്രായം. ബോർഡിൽ ഒരു വ്യാപാരി

LIBRARY ARCHIVES Kerala Legislative Assembly

ക്ക് ഇൻകം ടാക്സുകാർ ചുമത്തുന്ന ആദായ നികുതി പല വിധത്തിലാണെന്ന ഇവിടെ പറഞ്ഞുകഴിഞ്ഞു. ചില സംഗതികളിൽ അതു ശരിയാണെങ്കിലും ബോർഡിൽ കാണിക്കുന്ന സംഖ്യക്കും മുൻസീഫ് കോടതിൽനിന്നും കിട്ടാതെ വരുന്ന സംഖ്യക്കും അതാതുകാലത്തു ന്യായമായ മാർഗ്ഗങ്ങളിൽകൂടി ഡിപ്പാർട്ട്മെണ്ടിനെ അറിയിക്കുന്നപക്ഷം അതു കുറച്ചു കൊടുക്കയും ചെയ്യാവുണ്ട്. അങ്ങിനെ വരുമ്പോൾ നഷ്ടം വന്നില്ലെങ്കിലും പിരിയാതെ പോയി എന്ന കാരണത്തിന്മേൽ ഒരു വ്യാപാരിക്കു ടാക്സിനെ സംബന്ധിച്ചിടത്തോളം നഷ്ടം വരുകയില്ലെന്നുള്ളതു തീർച്ചയാണ്. ടാക്സ് ചുമത്തുന്ന കാലത്തു് ഒരു ലക്ഷം രൂപാ ഒരു വ്യാപാരിക്കു പിരിയാനുണ്ടെന്നു വിചാരിക്കുക. അങ്ങിനെയുള്ള സംഖ്യക്കു ആദായത്തിൽനിന്നും തട്ടിക്കഴിച്ചു മറവുള്ള സംഖ്യക്കാണ് നികുതി ചുമത്തിപോരുന്നതു്. അങ്ങിനെ കുറവുവരുന്ന സംഖ്യയെ പ്രത്യേകം നീക്കിവെച്ചു് നികുതി ചുമത്തുന്ന സമ്പ്രദായം നിലവിലുള്ളപ്പോൾ ബഹുമാനപ്പെട്ട മട്ടാഞ്ചേരി മുസ്ലീം മെമ്പർ പ്രസ്താവിച്ചപോലെയുള്ള നഷ്ടം എതു മാർഗ്ഗങ്ങളിൽകൂടിയാണു് വരുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല.

അതുകൊണ്ടു് ഇങ്ങിനെയുള്ള സൗകര്യപ്രദമായ മാർഗ്ഗങ്ങളിൽകൂടി വരുമാനം വർദ്ധിപ്പിക്കാൻ മേലാൽ വേണ്ട മാർഗ്ഗങ്ങളും നിർദ്ദേശിച്ചു് അതു തൊഴിലാളികളും അല്പപട്ടിണിക്കാരുമായ സാധുക്കൾക്കുവേണ്ടി വിനിയോഗിക്കണമെന്ന അഭ്യർത്ഥനയോടുകൂടി ഈ ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

**Mr. K. R. Viswambharan:**—സർ, ബഹുമാനപ്പെട്ട കന്നങ്കുളം മെമ്പർ ആദായനികുതി ഭേദഗതി ബില്ലിന്നു് അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. ആദായനികുതി ചുമത്തുന്നതിനു ഒരു ശവമ്മെണ്ടു് അംഗീകരിക്കേണ്ട നയത്തെക്കുറിച്ചോ, അതിന്റെ സാങ്കേതികമായ വശത്തെ സംബന്ധിച്ചോ ഞാൻ ഈ പ്രസംഗത്തിൽ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. പക്ഷെ മുതലാളികളെ പോഷണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണു് ഇതെന്നുള്ള ആക്ഷേപം ഈ ഭേദഗതിയെ പ്രതികൂലിച്ചു സംസാരിച്ച ചില മാന്യസ്നേഹിതന്മാരിൽനിന്നു് കേൾക്കുവാൻ സംഗതിയായതുകൊണ്ടു് ആ തെറ്റിദ്ധാരണയെ ഇല്ലാതാക്കേണ്ടതു് ആവശ്യമാണെന്നു തോന്നുകയാലാണു് ഞാൻ ഈ ഭേദഗതിയെക്കുറിച്ചു സംസാരിക്കുന്നതു്. ഈ ഭേദഗതിപ്രകാരം മുപ്പത്തയ്യായിരം രൂപയിൽ അധികം ആദായമുള്ള ആളുകൾക്കു മാത്രമെ ചില "അസെസ്മെന്റ്" ഉദ്ദേശിച്ചിട്ടുള്ളു. മുതലാളികളെ പോഷണംചെയ്യുകയും, പിഴിഞ്ഞെടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണു് ഇതിൽ അടങ്ങിയിരിയ്ക്കുന്നതെന്നു് പറഞ്ഞു ശവമ്മെണ്ടിനെ ഈ നിയമസഭയിലെ മുതലാളികൾ ആക്ഷേപിക്കേണ്ട ആവശ്യമില്ല. ഈ നാട്ടിലെ നിയമങ്ങളും രാജ്യതന്ത്രവുമെല്ലാം മുതലാളിതത്തിൽ അടിയുറച്ചതും മുതലാളിത്വത്തെ താങ്ങുന്ന ഒരു സമ്പത്തികഘടനയെ താലോലിയ്ക്കുന്ന വിധത്തിലുള്ളവയുമാണു്. മുതലാളിമാരാണു് ശവമ്മെണ്ടിന്റെ തണലിൽ സുഖമനുഭവിയ്ക്കുന്നവർ. അതിനാൽ അവരുടെ വലിയ ആദായങ്ങളിൽനിന്നു് എടുത്തുകൊണ്ടു ഒരു ചെറിയ അംശം ശവമ്മെണ്ടിനു കൊടുത്തുകൂടാ? വളരെ സന്തോഷത്തോടുകൂടി കൊടുത്തുകൂടാ? അതൊരിക്കലും ഒരു പോഷണമാകയില്ല. നിയമം മൂലം മുതലാളിമാരുടെ ഭീമമായ ആദായത്തിൽനിന്നു ഒരു ചെറിയ ശതമാനം പിരിച്ചു പൊതുജനോപകാരപ്രദമായ മാർഗ്ഗങ്ങളിൽ വിനിയോഗിക്കുവാൻ ഈ നിയമസഭക്കും, ഈ നിയമസഭയെ ശവമ്മെണ്ടിനും സാധിക്കണമെന്നാണു് ഞങ്ങൾ പറയുന്നതു്. മുതലാളികൾ ഒരിക്കലും ഇതിൽ മനക്ലേശം വിചാരിക്കേണ്ടതില്ല. രാജ്യത്തിന്റെ പൊതുക്ഷേമത്തിനും, പൊതുഭദ്രതയ്ക്കുവേണ്ടി അവർ ചില ത്യാഗ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ അനുഭവിക്കണം എന്നാണ് അവരോട് അപേക്ഷിക്കുന്നത്. ഈ പ്രസ്താവനയോടുകൂടി ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

**Mr. K. Ayyappan:**—ഗവൺമെണ്ട് ഈ ബിൽപ്രകാരം സൂപ്പർ ടാക്സ് കൊടുക്കേണ്ട ആളുകൾ എത്രയുണ്ടാകുമെന്നു ഉദ്ദേശിച്ചിട്ടുണ്ടോ?

**Mr. Thomas Manjuran:**—ഏകദേശം നാലഞ്ചുപേരുണ്ടാകും.

**Mr. K. Ayyappan:**—മുപ്പത്തയ്യായിരം രൂപയിൽ കൂടുതൽ ആദായമുള്ളവരെത്രയുണ്ടാകും?

**Mr. Thomas Manjuran:**—വളരെയധികം വരും.

**Mr. K. Ayyappan:**—സർ, ഇതിനു യാതൊരു എതിരും എതിർക്കേണ്ട സമാനത്തുനിന്നു വന്നിട്ടില്ല. സാധുക്കളുടെ കാര്യത്തിനു വേണ്ടിയേ ബഹുമാനപ്പെട്ട ഇസ്മായേൽസേട്ട പ്രസ്താവിച്ചിട്ടുള്ളൂ. എത്രതന്നെ നികുതി കൂട്ടിയാലും അതു് അവർക്കു പാവങ്ങളിൽനിന്നു പിരിച്ചെടുക്കേണ്ടിവരും എന്നു പറയുന്നതല്ലാതെ അവരിൽനിന്നു വേറെ യാതൊരു എതിരും ഇതിനുണ്ടായില്ല. എന്നാൽ ബഹുമാനപ്പെട്ട പോപ്പുറാലാൽ സേട്ട പറയുന്നതു് നികുതി കൂട്ടിയാൽ വ്യാപാരികൾ ഇവിടെനിന്നും പോകുമെന്നാണു്. കച്ചവടക്കാർ ഇല്ലാതാകുമ്പോൾ ഒരു വിഷമം കൊച്ചിയിൽ ഉണ്ടാകുമെന്നു തോന്നുന്നില്ല. സൂപ്പർടാക്സ് മുതലായതു വളരെ നീതിയായും മിതമായും ആണു് ചുമത്തുന്നതു്. പിന്നെ കച്ചവടക്കാരെ ആകർഷിക്കുന്നതിനു വളരെ ഗംഭീരമായ വേലകൾ കൊച്ചി ഗവൺമെണ്ടു മറ്റു പലവഴിക്കും ചെയ്യുന്നുണ്ടു്.

മുതലാളികളെ പിഴിഞ്ഞെടുക്കുന്നു എന്നവർ പറയുന്നു. സാധുക്കളെ മുതലാളികൾ പിഴിഞ്ഞെടുക്കുന്നു എന്നു പറയുന്നതിനു പകരമായിട്ടാണു് മുതലാളികളെ പിഴിഞ്ഞെടുക്കുന്നു എന്നവർ പറയുന്നതു് എന്നാണു് എനിക്കു തോന്നുന്നതു്. ഗവൺമെണ്ടു പിഴിയണമെങ്കിൽ നീരുള്ളതിനെ പിഴിയണം. നീരുള്ളതിനെ പിഴിഞ്ഞാലെ നീരുകിട്ടുകയുള്ളു എന്നു വിചാരിച്ചായിരിക്കും ഗവൺമെണ്ടു പിഴിയുന്നതു്. ഏതായാലും ഇതിനു് എതിരു വരുന്നില്ല. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ഗവൺമെണ്ടിനു ചെയ്തുകൊടുത്ത ഉപകാരത്തിനു് ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചുകൊള്ളുന്നു.

**Mr.President**: So far as the limit of super-tax for individuals and joint families is concerned, Government cannot at present support Mr. Iyyu's amendment. But they perfectly sympathise with this amendment. Before launching upón such a scheme, we will have to take statistics and we must be satisfied as to the anticipated return. I may assure hon'ble members that we are not going to stop with this bill. We have introduced super-tax, because we wanted to recognise the principle. I am certainly going to get the whole question examined with a view to see if the tax could be extended to lower incomes.

**Mr. C. V. Iyyu:**—മിസ്റ്റർ പ്രസിഡണ്ടു് സർ, ഈ ഭേദഗതി പിൻവലിക്കുന്നതിനുമുമ്പു് എന്റെ അഭിപ്രായത്തോടു എതിർത്തിട്ടുള്ളവരോടു മറുപടി പറയുന്നതു് നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ചൂണ്ടൽ എന്നു ഒരു വില്ലേജുണ്ടു്. അവിടെ സാമ്പത്തിക സർവ്വെ നടത്തിയതിൽ ഒരാളുടെ ഒരു കൊല്ലത്തെ ആദായം ൨൫ ക. യാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെണ്ടിന്റെ റിപ്പോർട്ടിൽതന്നെ പറഞ്ഞിട്ടുണ്ട്. അങ്ങിനെ നോക്കുമ്പോൾ ചെ ചെ, ഇ ഇനം ക. ആ വില്ലേജിലുള്ളവർക്കു കൂടെ വരുന്നു. ഇതായിരിക്കും കൊച്ചീരാജ്യത്തിലെ മിക്ക വില്ലേജുകളുടേയും സ്ഥിതിയെന്നാണ് എനിക്കു തോന്നുന്നതു്. എന്നാൽ എറണാകുളം, മട്ടാഞ്ചേരി, തൃശ്ശിവപേരൂർ മുതലായ പട്ടണങ്ങളിൽ ഇങ്ങിനെയല്ലായിരിക്കാം. ഈ സ്ഥിതിക്കു് സൂപ്പർടാക്സ് ചുമത്തുന്നതു് ഒരനീതിയായിരിക്കുമെന്നു് എനിക്കു തോന്നുന്നില്ല. ഈ ടാക്സ്മൂലം ബ്രിട്ടീഷിന്ത്യയിലേക്കും തിരുവിതാംകൂറിലേക്കും മഴിഞ്ഞുപോകാനിടയില്ല. കാരണം അയ്യായിരം രൂപാ അവിടത്തേക്കാൾ കൂടുതലാണിവിടെ. അവിടെനിന്നും ഇങ്ങോട്ടു വരുവാനേ തരമുള്ളൂ. ഒരു കൊല്ലത്തിൽ ഒരാൾക്കു ചെ ചെ ക. വരുമാനമുള്ള ഒരു രാജ്യത്തു് മുപ്പത്തയ്യായിരം രൂപായിൽ അധികം ആദായമുള്ളവർക്കു സൂപ്പർടാക്സ് ചുമത്തുന്നതു് വലിയ ഭാരമായിരിക്കയില്ല. അങ്ങിനെയുള്ള ആളുകൾക്കു നികുതി ചുമത്താമെന്നു് ഗവൺമെണ്ടു സമ്മതിച്ചിട്ടുള്ളതുകൊണ്ടു് ഞാൻ എന്റെ ഭേദഗതിയെ പിൻവലിച്ചുകൊള്ളുന്നു.

*The amendment was, by leave, withdrawn.*

*Schedule put and carried.*

*Title and Preamble put and carried.*

**Mr. Thomas Manjuran:** I beg to move that the bill be taken up and passed finally on Monday next.

*Motion put and carried.*

## ELECTION TO THE COMMITTEES.

**Mr. President:** The business of this day is now over and there remains only the elections to the various bodies. Of these, the election of the Deputy President is over. The election to the various committees should now take place. The hon'ble members may remain here in the House and the Secretary to Government will conduct the elections.

*The House rose for the day at 5 p. m.*

*Elections to the following Committees were then held.*

1. The Standing Finance Committee.
2. The Advisory Committee on Education.
3. " " Medical and Public Health.
4. " " Industries and Commerce, including Forests, Fisheries and Public Works.
5. " " Agriculture, Co-operative, Panchayats, and Depressed Classes.
6. The Road Board.
7. The Text Book Committee.
8. The College Advisory Committee.

Mr. B. V. KRISHNANKUTTY MENON,
*Secretary to the Council.*

LIBRARY ARCHIVES Kerala Legislative Assembly